ആരംഭിക്കുന്നതിനായി എൻ.റ്റി.പി.സി.യിൽനിന്നും ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ അവസാനഘട്ടത്തിലാണ്. ഭൂമി ഏറ്റെടുക്കുന്നമുറയ്ക്ക് നബാർഡ് സഹായത്തോടുകൂടി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. വയനാട് ജില്ലയിൽ പുതിയ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആശുപത്രിയുടെയും കോളേജിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതോടുകൂടി ഈ വർഷംതന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) ഹരിപ്പാട്, വയനാട് മെഡിക്കൽ കോളേജുകൾക്കുവേണ്ടി ഇതുവരെ അനുവദിച്ചുതുടങ്ങിയിട്ടില്ല. തിരുവനന്തപുരം മെഡിക്കൽ കോളേജിനുവേണ്ടി 28 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരത്ത് പുതുതായി ആരംഭിക്കുന്ന മെഡിക്കൽ കോളേജിൽ 2015-16 അദ്ധ്യയന വർഷത്തിൽ 100 എം.ബി.ബി.എസ്സ്. അഡ്മിഷൻ നടത്തുവാനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. ഹരിപ്പാട്, വയനാട് മെഡിക്കൽ കോളേജുകൾ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് അദ്ധ്യയനം ആരംഭിക്കുന്നതാണ്.

പുതിയ സർക്കാർ മെഡിക്കൽ കോളേജുകൾ

107 (799) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി ആരംഭിക്കുന്ന സർക്കാർ മെഡിക്കൽ കോളേജിന്റെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) ഇവയുടെ നിലവാരം ഉയർത്തുന്നതിനും മരുന്നും മറ്റുസൗകര്യങ്ങളും സുലഭമായി നൽകുന്നതിനും എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ മേഖലയിൽ ആറ് മെഡിക്കൽ കോളേജുകൾ ആരംഭിക്കുവാനുള്ള ശ്രമങ്ങളാണ് നടന്നുവരുന്നത്. ഇവയിൽ മഞ്ചേരി, ഇടുക്കി മെഡിക്കൽ കോളേജുകൾ പ്രവർത്തനം

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിച്ചുകഴിഞ്ഞു. പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ 2015-16 അദ്ധ്യയന വർഷം അഡ്മിഷൻ ആരംഭിക്കുന്നതിനായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇന്ത്യൻ മെഡിക്കൽ കൗൺസിലിൽനിന്നും അംഗീകാരം നേടുന്നതിനായി 108 അദ്ധ്യാപക അദ്ധ്യാപകേതര തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. തിരുവനന്തപുരം ജനറൽ ആശുപത്രി വനിതകളുടെയും കുട്ടികളുടെയും ആശുപത്രി എന്നിവ സംയോജിപ്പിച്ചുകൊണ്ട് ആരംഭിക്കുന്ന പുതിയ മെഡിക്കൽ കോളേജിനായി നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി. കൂടാതെ 2015-16 അദ്ധ്യയന വർഷം 100 കുട്ടികൾക്ക് മെഡിക്കൽ വിദ്യാഭ്യാസം നൽകുന്നതിന്റെ ഭാഗമായി 108 അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനായി 60 ഏക്കർ ഭൂമി ലഭ്യമാക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾക്കും മറ്റുമുള്ള തുടർ നടപടി സ്വീകരിച്ചുവരികയുമാണ്. വയനാട് ജില്ലയിൽ പുതിയ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആശുപത്രിയുടെയും കോളേജിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതോടുകൂടി ഈ വർഷംതന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതുകൂടാതെ ആലപ്പുഴ ജില്ലയിൽ ഹരിപ്പാട് ഒരു പുതിയ മെഡിക്കൽ കോളേജ്കൂടി സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) പുതുതായി ആരംഭിക്കുന്ന മെഡിക്കൽ കോളേജുകൾ എല്ലാംതന്നെ ഇന്ത്യൻ മെഡിക്കൽ കൗൺസിൽ നിഷ്കർഷിച്ചിട്ടുള്ള ഉയർന്ന നിലവാരം ഉറപ്പ് വരുത്തുന്നതിന് അനുസൃതമായിട്ടാണ് നടപ്പിലാക്കിവരുന്നത്.

മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ പുനർവിന്യാസം

108 (800) ശ്രീ. ജി. സുധാകരൻ :
പ്രൊ. സി. രവീന്ദ്രനാഥ് :
ഡോ. കെ. ടി. ജലീൽ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരെ പുനർ വിന്യസിച്ചതിന്റെ കാരണവും അതിന് നിശ്ചയിച്ച മാനദണ്ഡവും എന്തായിരുന്നെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly